# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# മാർത്തോമ്മാ സുവിശേഷ സേവികാസംഘം പ്രസിഡന്റ്
## ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായിൽ നിന്നും

***സർക്കുലർ നമ്പർ 16***

കർത്താവിൽ പ്രിയരെ,

ക്രിസ്തുയേശുവിൽ വെളിപ്പെട്ട രക്ഷാകര അനുഭവത്തിന്റെ അംശികളും സാക്ഷികളുമായി സ്ത്രീ സമൂഹത്തെ സജ്ജമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച മാർത്തോമ്മാ സുവിശേഷ സേവികാസംഘം അതിന്റെ ചരിത്രയാത്രയിൽ 107 വർഷം പിന്നിടുകയാണ്. സംഘത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ പകരപ്പെട്ട ദൈവകൃപയ്ക്കു സ്തോത്രം അർപ്പിക്കാം.

ഇടവക സംഘാംഗത്വ രജിസ്റ്ററിൽ പേരുള്ളവരും 18 വയസ്സിനുമേൽ പ്രായമുള്ളവരുമായ എല്ലാ വനിതകളും സേവികാസംഘാംഗങ്ങളാണല്ലോ. ഇടവകകളിൽ നടക്കുന്ന സേവികാസംഘ യോഗങ്ങളിൽ താല്പര്യത്തോടേ പങ്കുചേരുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. ഈ പങ്കാളിത്തം പ്രാദേശിക ഇടങ്ങളിൽ നിർവഹിക്കുന്ന ക്രൈസ്തവ സാക്ഷ്യത്തിന്റെ അടയാളമാണ്. ദൈവം തന്റെ കൃപയാൽ നമുക്കു നൽകിയിരിക്കുന്ന ആരോഗ്യവും കഴിവും, ബൗദ്ധികവും ഭൗതികവുമായ നന്മകളും നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽ പങ്കുവെയ്ക്കപ്പെടുക എന്നതാണ് ദൈവഹിതം. നമ്മുടെ സാക്ഷ്യ ജീവിതത്തിനുള്ള ഒരു മുഖാന്തരമായി സേവികാ സംഘത്ത കണ്ട് ഇടവകയിലുള്ള എല്ലാ സ്ത്രീകളും അതിൽ പങ്കാളികൾ ആകണമെന്ന് ക്രിസ്തുയേശുവിലുള്ള സ്നേഹത്തിൽ നിങ്ങളെ പ്രബോധിപ്പിക്കുന്നു.

ഈ വർഷവും സെപ്റ്റംബർ 6 മുതൽ 12 വരെ സേവികാസംഘവാരമായും സെപ്റ്റംബർ 13 ഞായറാഴ്ച സേവികാസംഘ ദിനമായും സഭയാകമാനം ആചരിക്കുകയാണ്. സംഘവാരത്തിൽ സംഘാംഗങ്ങൾ ഭവനങ്ങൾ സന്ദർശിക്കുകയും സംഘപ്രവർത്തനത്തിൽ പങ്കുചേരാൻ സ്ത്രീകളെ ഉത്സാഹിപ്പിക്കുകയും വേണം. ഈ വർഷത്തെ ചിന്താവിഷയം ***ദൈവസമർപ്പിത വനിതകൾ: ഭയരഹിതരും വിശ്വസ്തരും*** എന്നതാണ്. ആരാധനയിലും വചനശുശ്രൂഷയിലും സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തണം. ആരാധനവേളയിൽ ആലപിക്കാനായി സ്ത്രീകൾ തന്നെ രചനയും സംഗീതവും നിർവഹിച്ച ഒരു ഗാനം തയ്യാറാക്കിയിട്ടുണ്ട്.

സംഘപ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിനു ഡപ്യൂട്ടേഷൻ ക്രമീകരിക്കണം. സൗജന്യദാനം കുടുംബങ്ങളിൽ നിന്നും ശേഖരിക്കുകയും, ആ തുക കൃത്യമായി കേന്ദ്ര ഓഫീസിൽ അടയ്ക്കുകയും ചെയ്യണം. സംഘവാരത്തിലൂടെ സൗജന്യദാനമായി ഈ വർഷം പ്രതീക്ഷിക്കുന്നത് 30 ലക്ഷം രൂപയാണ്. സംഘ ദിനത്തിലെ സ്തോത്രകാഴ്ച ഭദ്രാസന സേവികാസംഘത്തിനുള്ളതാകയാൽ ആ തുക മുഴുവനും ഭദ്രാസന സേവികാസംഘം ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കണം.

ഈ വർഷത്തെ **വാർഷിക പ്രതിനിധി സമ്മേളനം** ആഗസ്റ്റ് 21 വെള്ളിയാഴ്ചയും **വാർഷിക പഠന കോൺഫ്രൻസ്** ഒക്ടോബർ 30,31, നവംബർ 1 തീയതികളിലും സേവികാസംഘം പ്ലാറ്റിനം ജൂബിലിഹാളിൽ വച്ചു നടത്തപ്പെടുന്നതാണ്. എല്ലാ ശാഖകളിലും വാർഷിക പഠനകോൺഫ്രൻസിന്റെ വിഷയം പഠിക്കാൻ ക്രമീകരണം ചെയ്യണം.

സ്ത്രീകളുടെ കഴിവും സർഗ്ഗാത്മകതയും വളർത്തിയെടുക്കാനുള്ള സാഹചര്യം ഇന്ന് ഏറെയാണ്. എന്നാൽ അത് യഥാവിധം തിരിച്ചറിയാതെ സ്വയം ഉൾ വലിഞ്ഞുനില്ക്കുന്നവർ ഇടവകകളിലുണ്ട്. സ്ത്രീകൾ എടുക്കുന്ന മുൻകൈയ്യാണ് പ്രധാനം. സേവികാസംഘം കൂടിവരവ് സ്ത്രീകളുടെ നേതൃത്വ ശേഷി വളർത്താനുള്ള ഉപാധിയായി മാറണം. പിൻവലിഞ്ഞു നില്ക്കുന്നവരെ മുന്നിലേക്കുകൊണ്ടുവരാനുള്ള നിരന്തര ശ്രമം ഇപ്പോൾ നേതൃനിരയിലുള്ളവരിൽ ഉണ്ടാകണം. വായനയും പഠനവും പരസ്പര ഇടപെടലും നമ്മുടെ സർഗ്ഗാത്മക ശേഷി വളർത്താൻ ആവശ്യമാണ്. ഈവിധത്തിൽ സ്ത്രീ സമൂഹത്തെ ഒരുക്കിയെടുക്കുന്ന ശുശ്രൂഷയിൽ ഉത്സാഹത്തോടെ തുടർന്നും മുന്നേറാൻ മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തെ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ. കഴിഞ്ഞ മൂന്നു വർഷം സേവികാസംഘത്തിന് അനുഗ്രഹമായ നേതൃത്വം നൽകിയ ഔദ്യോഗിക ചുമതലക്കാർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സ്തുത്യർഹമായ ശുശ്രൂഷകൾക്ക് നന്ദി അറിയിക്കുന്നു.

നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കട്ടെ.

*ക്രിസ്താബ്ദം 2026 ഓഗസ്റ്റു മാസം 10–ാം തീയതി സംഘം ഓഫീസിൽ നിന്നും*

**ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ**

*സേവികാസംഘം പ്രസിഡന്റ്*

# മാർത്തോമ്മാ സുവിശേഷ സേവികാസംഘം
# ജനറൽ സെക്രട്ടറിയുടെ കത്ത്

പ്രിയ അച്ചൻ/ സഹോദരി,

സേവികാസംഘം അതിന്റെ ചരിത്ര യാത്രയിൽ 107 വർഷം പിന്നിടുകയാണ്. സ്ത്രീകൾ, സ്ത്രീകൾക്കായി പടുത്തുയർത്തിയ പ്രസ്ഥാനമാണ് സേവികാസംഘം. ഒരു സാക്ഷ്യ സമൂഹമായി ചരിത്രമധ്യത്തിൽ നിലകൊള്ളാൻ നാളിതുവരെ വലിയവനായ ദൈവം നമ്മെ പ്രാപ്തമാക്കി. അതിനായി പകരപ്പെട്ട ദൈവ കൃപകൾക്കായി നന്ദിയർപ്പിക്കുന്നു.

ഈ വർഷത്തെ സേവികാ സംഘവാരം 2026 സെപ്റ്റംബർ 7 മുതൽ 12 വരെയും, സേവികാസംഘ ദിനം **സെപ്റ്റംബർ 13-ന് ഞായറാഴ്ചയും** ആചരിക്കുകയാണല്ലോ. മെത്രാപ്പോലീത്തയുടെ അംഗീകാരത്തോടുകൂടിയ ആരാധനാക്രമവും പ്രസിഡന്റ് തിരുമേനിയുടെ കൽപ്പനയും ഇതോടൊപ്പം അയക്കുന്നു. സംഘവാര പരിപാടികൾ ഭംഗിയായും ചിട്ടയായും ക്രമീകരിക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണമെ.

സേവികാ സംഘദിനത്തിൽ ആലപിക്കുന്നതിനായി തയ്യാറാക്കിയ ഗാനത്തിന്റെ രചനയും ഈണവും ചിട്ടപ്പെടുത്തിയത് ഇതിനായി ക്രമീകരിച്ച മ്യൂസിക് വർക്ക്ഷോപ്പിലൂടെയാണ്. പ്രസ്തുത ഗാനം ആലപിച്ചിരിക്കുന്നത് ഈ വർഷം കേന്ദ്ര കലാമത്സരത്തിൽ സംഗീത വിഭാഗത്തിൽ വിജയികളായ സേവികാ സംഘാംഗങ്ങളാണ്. ***വെൺകൽ ഭരണികൾ ഉടയ്ക്കാം ഉൾക്കരുത്തിനെ പുൽകാം*** എന്ന് തുടങ്ങുന്ന ഈ ഗാനം യൂട്യൂബിൽ ലഭ്യമാണ്. എല്ലാവരും സേവികാ സംഘദിനത്തിൽ ഈ ഗാനം ആലപിക്കുവാൻ ശ്രദ്ധിക്കണം. ഈ വർഷത്തെ സേവികാസംഘ ദിന ചിന്താവിഷയം ***ദൈവ സമർപ്പിത വനിതകൾ: ഭയരഹിതരും വിശ്വസ്തരും*** എന്നതാണ്. പ്രസ്തുത വിഷയത്തെ ആസ്പദമാക്കിയുള്ള പ്രസംഗക്കുറിപ്പ് ഓഗസ്റ്റ് മാസം വനിതാ ബോധിനിയിൽ പ്രസിദ്ധീകരിക്കുന്നതാണ്. സേവികാസംഘദിന ആരാധനകളുടെ എല്ലാ തലത്തിലും പ്രവേശിച്ചു പങ്കാളികൾ ആകുവാനുള്ള സ്വാതന്ത്ര്യം മാർത്തോമ്മാ സഭയിൽ സ്ത്രീകൾക്ക് ഇന്നുണ്ട്. ആരാധനാ മദ്ധ്യേ പ്രസംഗിക്കാനും വിശുദ്ധ കുർബാന വേളയിൽ അസിസ്റ്റുചെയ്യാനുമുള്ള അവസരം സ്ത്രീകൾ പ്രയോജനപ്പെടുത്തണം.

എല്ലാ ശാഖകളിലും ഇടവകളിലെ സ്ത്രീകളുടെ പ്രത്യേകിച്ച് ചെറുപ്പക്കാരായ വനിതകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തണം. പ്രായാധിക്യത്തിലും രോഗാവസ്ഥയിലുമായി ഭവനങ്ങളിൽ വിശ്രമിക്കുന്ന സംഘാംഗങ്ങളെ സന്ദർശിച്ച് കൂട്ടായ്മയുടെ പിൻബലം നൽകണം. വൈധവ്യത്തിന്റെ വ്യഥയിൽ കഴിയുന്ന സ്ത്രീകളെ ചേർത്തുനിർത്താൻ കഴിയണം. നിർധനരെയും അനാഥരെയും കരുതുന്ന ശുശ്രൂഷ തുടരണം. കരുണയും കരുതലും കൈത്താങ്ങും നമ്മുടെ പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖയാവണം.

സേവികാ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായുള്ള പ്രധാന വരുമാന മാർഗ്ഗം നാലു തരം പിരിവുകളാണ്. **(1) സൗജന്യ ദാനം** -സുവിശേഷ പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളിലും ഫീൽഡുകളിലും പ്രവർത്തിക്കുന്നവർ, വിശ്രാന്തി ഭവനിൽ വിശ്രമിക്കുന്ന സേവനിമാർ, അവരുടെ സന്ധാരണവും, ചികിത്സയും - ഈവക ചെലവുകൾ നിർവഹിക്കപ്പെടുന്നത് സൗജന്യ ദാനത്തിലൂടെയാണ്. **(2)ഡപ്പി കളക്ഷൻ -** ശാലേം ഭവനിലെയും ബാലിക ഭവനിലെയും അംഗങ്ങളുടെയും ആവശ്യങ്ങൾക്കായും **(3) വാർഷിക പിരിവ്** - ഓഫീസ് പ്രവർത്തനങ്ങൾക്കും **(4) ബാഹ്യ കേരള മിഷൻ പിരിവ്** - കേരളത്തിന് പുറത്തുള്ള സുവിശേഷ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു. ഈ **നാലു പിരിവുകളും** കൃത്യമായി ശേഖരിക്കുന്നതിനും ലഭിക്കുന്ന തുക മുഴുവൻ കേന്ദ്ര ഓഫീസിൽ അടയ്ക്കുവാനും ശ്രദ്ധിക്കണമേ. **സേവികാ സംഘദിന സ്തോത്രകാഴ്ച** അതത് ഭദ്രാസനങ്ങൾക്കുള്ളതാണ്. സെപ്റ്റംബർ മാസം **വനിതാ ബോധിനി** മാസമായി ആചരിക്കുന്നു. ഓരോ മാർത്തോമ്മാ ഭവനത്തിലും ഒരു വനിതാ ബോധിനി എന്ന താല്പര്യത്തോടെ ഏവരും വനിതാ ബോധിനി വരിക്കാരായി തീരുവാൻ ശ്രമിക്കണമെ.

2026 – 2027 കേന്ദ്ര കലാ മത്സരത്തിലെ സംഗീത മത്സരത്തിനുള്ള പാട്ടുകളുടെ ലിസ്റ്റ്, ബൈബിൾ ക്വിസ് ഭാഗങ്ങൾ എന്നിവ ബ്രോഷറിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. വനിതാ മന്ദിരത്തിൽ നടക്കുന്ന യോഹന്നാന്റെ സുവിശേഷം അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ആൻഡ് ഓഫ് ലൈൻ ബൈബിൾ സ്റ്റഡി സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉള്ളടക്കമാണ് ക്വിസ് മത്സരങ്ങൾക്ക് അടിസ്ഥാനമാക്കുന്നത്. എല്ലാ മാസത്തിന്റെയും ആദ്യ ചൊവ്വാഴ്ചകളിൽ ഓൺലൈനായി ക്രമീകരിച്ചുവരുന്ന **മേരി ആൻഡ് മാർത്ത ഓൺലൈൻ ബൈബിൾ സ്റ്റഡിയിൽ** സ്ത്രീകളുടെ സജീവമായ പങ്കാളിത്തം ലഭിക്കുന്നു എന്നത് സന്തോഷകരമാണ്. വചനം ഗൗരവമായി പഠിക്കുന്നതിനുള്ള ഒരവസരമായി കണ്ട് ഈ ക്രമീകരണത്തിൽ പങ്കുചേരണം.

കഴിഞ്ഞ മൂന്നു വർഷക്കാലം (2023-26) സേവികാസംഘത്തിന് നേതൃത്വം നൽകാൻ പരമകാരുണ്യവാനായ ദൈവം ഞങ്ങൾക്ക് അവസരം നൽകി. പരമ്പരാഗതമായി നമ്മൾ ചെയ്തുപോന്നിരുന്ന പരിപാടികൾ അഭംഗുരം തുടർന്നതൊടൊപ്പം പല പുതിയ പരിപാടികൾ ആവിഷ്ക്കരിക്കാനും പഴയതിന് പുതിയ ഉള്ളടക്കം നൽകി പുനരാവിഷ്കരിക്കാനും സാധിച്ചു. ഏതുപരിപാടി നടത്തുമ്പോഴും ചിട്ടയായ പ്ലാനും ആശയ വ്യക്തതയും ഉണ്ടാകണമെന്ന നിഷ്ക്കർഷ എപ്പോഴും സൂക്ഷിച്ചിരുന്നു എന്ന ചാരിതാർത്ഥ്യമുണ്ട്. കഴിഞ്ഞ മൂന്നു വർഷ യാത്രയിൽ കൂടെ നിന്നു പിന്തുണ നൽകിയ എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ വർഷത്തെ സംഘ ദിനാചരണം നമ്മെ ഒരിക്കൽകൂടെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നതിനുള്ള അവസരമായി തീരണം. അതിന് വലിയവനായ ദൈവം നമ്മെ എല്ലാവരെയും പ്രാപ്തമാക്കട്ടെ.

സ്നേഹാദരവുകളോടെ,

Rachel Geo

**റെയ്ച്ചൽ ജോർജ്ജ്**
ജനറൽ സെക്രട്ടറി

തിരുവല്ല
01-8-2026

# മാർത്തോമ്മാ സുവിശേഷ സേവികാസംഘം
# സേവികാസംഘ ദിനം
## 2026 സെപ്റ്റംബർ 13 ഞായർ

**ധ്യാന വിഷയം :** "ദൈവസമർപ്പിത വനിതകൾ : ഭയരഹിതരും വിശ്വസ്തരും"

# ആരാധനാ ക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)

**പാട്ട്** :

**കൗമ്മാ** :

## പ്രാരംഭ പ്രാർത്ഥന

സ്നേഹസ്വരൂപനും സർവ്വ ചരാചരങ്ങളുടെയും പരിപാലകനുമായ ദൈവമേ, ഈ വിശുദ്ധ ദിനം മാർത്തോമ്മാ സുവിശേഷ സേവികാസംഘദിനമായി ആചരിപ്പാൻ സഹായിച്ച കൃപകൾക്കായി നിന്നെ മഹത്വപ്പെടുത്തുന്നു. 1919 -ൽ പിറവിയെടുത്ത സേവികാസംഘം അതിന്റെ സാക്ഷ്യ പാതയിൽ 107 വർഷം പൂർത്തീകരിപ്പാൻ പകർന്ന ദൈവീക കരുതലുകളെ ഞങ്ങൾ കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. സേവികാസംഘം പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് ജീവിതത്തെ പ്രകാശമാനമാക്കിയ തലമുറകളെ ഞങ്ങൾ സ്മരിക്കുന്നു. അവരിലൂടെ പകരപ്പെട്ട സാക്ഷ്യ മാതൃകകൾ മുറിഞ്ഞുപോകാതെ കാലോചിതമയി ജ്വലിപ്പിക്കാൻ പകരുന്ന ദിവ്യ പ്രേരണകൾക്കായി ഞങ്ങൾ നന്ദി കരേറ്റുന്നു. ഭയരഹിതരും വിശ്വസ്തരുമായി ദൈവ വഴികളിൽ സ്വയം സമർപ്പിതരാകുവാൻ ഞങ്ങളെ സഹായിക്കേണമേ. ഈ ദിനാചരണം അതിനുള്ള അവസരമാക്കിതീർക്കേണമേ. ആയത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽതന്നെ.

**ആമേൻ**

## അനുതാപ പ്രാർത്ഥന

**ഞങ്ങളോട് ക്ഷമിച്ച് നിന്റെ കൃപയാൽ ഞങ്ങളെ നിർഭയരാക്കണമേ**

എന്ന് പ്രതിവാക്യമായി പറയണം

ലീഡർ : 'നീ രാജധാനിയിൽ ഇരിക്കയാൽ എല്ലാ യെഹൂദന്മാരിലും വെച്ച് രക്ഷപ്പെട്ടുകൊള്ളാമെന്ന് നീ വിചാരിക്കേണ്ട. നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യെഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തുനിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും'. എസ്ഥേറിനെപോലെ സാഹചര്യങ്ങളുടെ സമ്മർദ്ദം ഞങ്ങളെ പലപ്പോഴും ഭയപ്പെടുത്തുന്നു. ഉത്തരവാദിത്വ നിർവഹണത്തിൽ ഉണ്ടാകുന്ന ചാഞ്ചല്യങ്ങളെ ദൈവമേ.......

പ്രതി : **ഞങ്ങളോട് ക്ഷമിച്ച് നിന്റെ കൃപയാൽ ഞങ്ങളെ നിർഭയരാക്കണമേ...**

ലീഡർ : 'ലാസറിന്റെ സഹോദരിയായ മാർത്ത; കർത്താവേ നാറ്റം വച്ചു തുടങ്ങി നാലു ദിവസമായല്ലോ എന്നു പറഞ്ഞു. യേശു അവളോട് വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്ന് ഞാൻ നിന്നോട് പറഞ്ഞില്ലയോ എന്ന് പറഞ്ഞു'. അകാരണ ഭയംമൂലം ദൈവത്തിന്റെ അഗോചര വഴികളെ തിരിച്ചറിയാതെ പോകുന്ന ഞങ്ങളുടെ പരിമിതികളെ ദൈവമേ......

പ്രതി : **ഞങ്ങളോട് ക്ഷമിച്ച് നിന്റെ കൃപയാൽ ഞങ്ങളെ നിർഭയരാക്കണമേ...**

ലീഡർ : അത്യന്തം ഭയപ്പെടുത്തുന്ന സാഹചര്യങ്ങളിൽപോലും വിശ്വാസവും വിശ്വസ്തതയും കൈവിടാതെ സമർപ്പിത ഗണമായി സാക്ഷ്യ ജീവിതം നയിച്ച നിരവധി സ്ത്രീ മാതൃകകൾ ഞങ്ങളുടെ മുമ്പിൽ ഉണ്ടായിട്ടും ഭയവിഹ്വലരായി ദൈനംദിന ജീവിതാവസ്ഥകളിൽ ഭയത്തിന് കീഴ്പ്പെടുകയും പതറിപ്പോകുകയും ചെയ്യുന്ന ഞങ്ങളുടെ കുറവുകളെ ദൈവമേ......

പ്രതി : **ഞങ്ങളോട് ക്ഷമിച്ച് നിന്റെ കൃപയാൽ ഞങ്ങളെ നിർഭയരാക്കണമേ...**

## ദൈവസമർപ്പിത വനിതകളുടെ വേദപുസ്തക മാതൃകകളെ നമുക്ക് സ്മരിക്കാം

**ദൈവമേ, സമർപ്പിത വഴികളിൽ നടപ്പാനുള്ള മനസ്സൊരുക്കം ഞങ്ങളിൽ പകരണമേ** എന്ന് പ്രതിവാക്യമായി പറയണം

**ലീഡർ :** സൂതികർമിണികളായ ശിപ്രാ, പൂവ മിസ്രയീം രാജാവ് കല്പിച്ചതുപോലെ ചെയ്യാതെ എബ്രായ ആൺകുഞ്ഞുങ്ങളെ ജീവനോടെ രക്ഷിച്ചു. രാജകല്പനയുടെ മുമ്പിൽ പതറാതെ ഭയരഹിതരായി ദുർബലരായ അടിമകളുടെ പക്ഷം ചേർന്ന ആ സ്ത്രീകൾ നമ്മിൽ പകരുന്ന സ്മരണകളെ ധ്യാനിക്കാം

പ്രതി : **ദൈവമേ, സമർപ്പിത വഴികളിൽ നടപ്പാനുള്ള മനസ്സൊരുക്കം ഞങ്ങളിൽ പകരണമേ**

**ലീഡർ :** വിശുദ്ധ മത്തായിയുടെ വംശാവലിയിൽ പേർ ചേർക്കപ്പെട്ട താമാർ, രാഹാബ്, രൂത്ത്, ബേത്ത്ശേബ, മറിയ എന്നിവർ തങ്ങൾ ജീവിച്ച കാലഘട്ടത്തിൽ പുലർത്തിയ വിശ്വസ്തതയും ധൈര്യവും നേതൃത്വ വൈഭവവും നമ്മിൽ ഉണർത്തുന്ന സ്മരണകളെ ധ്യാനിക്കാം

പ്രതി : **ദൈവമേ, സമർപ്പിത വഴികളിൽ നടപ്പാനുള്ള മനസ്സൊരുക്കം ഞങ്ങളിൽ പകരണമേ**

**ലീഡർ :** ഇരുളോ, ശ്മശാനത്തിലെ ഭീതിയോ, കല്ല് ആര് ഉരുട്ടിനീക്കും എന്ന ആശങ്കയോ കൂടാതെ  പുനരുത്ഥാന സാക്ഷികൾ ആകുവാൻ കല്ലറ യിൽ എത്തിയ സ്ത്രീ സമൂഹം പ്രകടമാക്കിയ വിശ്വാസ തീക്ഷ്ണ തയും ധൈര്യവും ഭയരാഹിത്യവും നമ്മിൽ ഉണർത്തുന്ന സ്മരണ കളെ ധ്യാനിക്കാം

പ്രതി : **ദൈവമേ, സമർപ്പിത വഴികളിൽ നടപ്പാനുള്ള മനസ്സൊരുക്കം ഞങ്ങളിൽ പകരണമേ**

## മദ്ധ്യസ്ഥ പ്രാർത്ഥന

**ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളേണമേ**

എന്ന് പ്രതിവാക്യമായി പറയണം

ലീഡർ : ഞങ്ങളുടെ ലോകം അനുദിനം സംഘർഷാത്മകമാകുകയാണ്.  വ്യാപ കമാകുന്ന യുദ്ധങ്ങൾ, രൂക്ഷമാകുന്ന അഭയാർത്ഥി പ്രവാഹം, ഏറുന്ന അസമത്വം, ഗാർഹികപീഡനം, വർദ്ധിതമാകുന്ന ലഹരി ഉപയോഗം, പാരിസ്ഥിതിക പ്രശ്നങ്ങൾ - ഇവ അശാന്തിയുടെ നാളുകളിലേക്കാണ് ലോകത്തെ  നയിക്കുന്നത് ഇതിനുള്ളിൽ ഇരയാക്കപ്പെടുന്ന ദുർബ ലരെയും പ്രത്യേകിച്ച് സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഓർക്കുന്നു. സമാധാനത്തിനും മോചനത്തിനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്രതി : **ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളേണമേ**

ലീഡർ : ആഗോള സഭകളെയും പ്രത്യേകിച്ച് മാർത്തോമ്മാ സഭയെയും ഓർത്ത് പ്രാർത്ഥിക്കുന്നു. നേതൃത്വം നൽകുന്ന അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പാമാർ, സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ, ഔദ്യോഗിക ചുമതലക്കാർ, കമ്മറ്റി അംഗങ്ങൾ, ശാഖ, സെന്റർ, ഭദ്രാസന ചുമതലക്കാർ, സേവിനിമാർ, പ്രവർത്തകർ തുടങ്ങി എല്ലാവരെയും ഓർക്കുന്നു. കർമ്മഭൂമിയിൽ പ്രതി ബദ്ധതയോടെ നില്പ്പാൻ ശക്തീകരിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

പ്രതി : **ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളേണമേ**

ലീഡർ : സ്ത്രീകളുടെ ആളത്ത ശേഷിയിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കു ന്നതിൽ സേവികാസംഘം വഹിച്ചുകൊണ്ടിരിക്കുന്ന പങ്കിനെ ഞങ്ങൾ ഓർക്കുന്നു. ശാഖ, സെന്റർ, ഭദ്രാസന, കേന്ദ്രതല പ്രവർത്തനങ്ങൾ, വനിതാ ബോധിനി, ബെറ്റർ ഹോം, കൗൺസിലിംഗ് കോഴ്സുകൾ, ബ്ലൂം ഫെസ്റ്റ്, ബൈബിൾ സ്റ്റഡി, സൗഹൃദ പകൽ വീട് തുടങ്ങി സ്ത്രീക

ളുടെ സർഗ്ഗാത്മക വളർച്ചയ്ക്കായി യത്നിക്കുന്ന എല്ലാ സംരഭങ്ങൾക്കായും വനിതാമന്ദിരം, ബാലികഭവൻ, മിഷൻ ഫീൽഡുകൾ, കാണ്ടമ്മ മെമ്മോറിയൽ പഠനകേന്ദ്രം, വിശ്രാന്തിഭവൻ, നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, കെ.ജി & യുപി സ്കൂൾ, വനിതാഹോസ്റ്റലുകൾ, ആശ്രമം, സ്ത്രീജന വികസന സമിതി തുടങ്ങി സേവികാ സംഘത്തിന്റെ എല്ലാ സ്ഥാപനങ്ങളെയും ഓർക്കുന്നു. ഫലകരമായ തുടർശുശ്രൂഷയ്ക്കായും പ്രാർത്ഥിക്കുന്നു.

പ്രതി : **ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളേണമേ**

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

ഞങ്ങളുടെ കർത്താവും ദൈവമേ, സമർപ്പിത ഗണമായി അങ്ങയുടെ സാക്ഷ്യവഴികളിൽ ഭയരഹിതരും വിശ്വസ്തരുമയി നില്പ്പാനുള്ള ഞങ്ങളുടെ സന്നദ്ധതയെ ബലപ്പെടുത്തണമേ. ക്രൂശിന്റെ പാതയിൽ വിടരുന്ന ശിഷ്യത്വാനുഭവങ്ങളിൽ ഉറച്ചുനിൽക്കുന്നതാണ് യഥാർത്ഥ സമർപ്പണമെന്ന ബോധ്യം ഞങ്ങളിൽ പകരണമേ. ഞങ്ങൾ അനുദിനം ഇടപെടുന്ന ഭവനം, സഭ, സമൂഹം തുടങ്ങിയ ഇടങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. നിയോഗ വയലുകളിൽ വിതറുന്ന വിത്തുകൾ മുപ്പതും അറുപതും നൂറും മേനിയായി വളർത്താനുള്ള പ്രതിബദ്ധത ഞങ്ങളിൽ അന്ത്യത്തോളം നിലനിർത്തണമേ. ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിക്കേണമേ. ആയത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽതന്നെ.

**ആമേൻ**

# MARTHOMA SUVISESHA SEVIKA SANGHOM
# SEVIKA SANGHOM DAY

**2026 September 13 Sunday**

*Theme : Women who trust God : Fearless and Faithful*

# ORDER OF WORSHIP

*(Approved by Mar Thoma Metropolitan)*

Song :

Kauma :

## OPENING PRAYER

O Holy and Almighty God, our Loving Father, on this blessed day we, bow before You in thanksgiving. we thankyou for the abundant mercies showered upon us in establishing and sustaining Mar thoma suvisesha Sevika Sangham for the past 107 years, making it a faithful witness in the history of the Mar Thoma Church. Renew us today, dispel the fear within us and grant us fresh inspiration to put on the armour of light. Help us to live in faithful submission to your will and your ways. Make this day of celebration an opportunity to recommit ourselves. In the name of the Father, the Son, and the Holy Spirit.

**Amen.**

## PRAYER OF CONFESSION

*(After each prayer, let us respond,* ***" Forgive us and make us fearless by Your grace, O Lord".)***

Leader : ‘Do not think that because you are in the king’s house you alone of all the Jews will escape. For if you remain silent at this time, relief and deliverance for the Jews will arise from another place.’ ( Esther 4:14) Like Queen Esther, we too sometimes feel the weight of responsibility and the fear that comes with it. We confess about the anxieties and uncertainties we face as we fulfill the calling and responsibilities You have entrusted to us.

**Response :** **Forgive us and make us fearless by Your grace,O Lord**

Leader : 'Lord, it has been four days since we laid our brother to rest. If you had been here, my brother would not have died.' said Martha. Jesus replied Martha, did I not tell you that if you believe you will see the glory of God". O God forgive our limitations for our unfounded fears and for our failure to recognise your divine purposes.

**Response :** **Forgive us and make us fearless by Your grace ,O Lord**

Leader : O God.. even though we have before us many role models of women who led a life of witness as a dedicated group, never abandoning faith and loyalty even in the most terrifying situations, we often succumb to fear and fail in our daily life situations due to our shortcomings...

**Response :** **Forgive us and make us fearless by Your grace ,O Lord**

**Let us Remember the Model of God-Fearing Women**

**May we learn from their examples and find inspiration from their stories.**

*After each prayer, let's respond,*

**"Lord, grant us the courage that we may walk in the path of godly women"**

Leader : Consider the faith of Shiprah and Puah, the Hebrew midwives, who feared God more than Pharaoh. Though ordered to kill Hebrew male infants, they courageously let them live. May the courage of these women who feared God inspire us more than human power .

**Response :** **Lord, grant us that courage that we may walk in the path of godly women**

Leader : Let us remember the women in the genealogy of Jesus – Tamar, Rahab, Ruth, Bethsheba, and Mary. Despite brokenness and social stigma, they became part of God's redemptive plan through their faith and obedience. May their faith inspire us to offer our lives for Your purposes.

**Response : Lord, grant us that faith that we may walk in the path of godly women**

Leader : Let us meditate on the memories that awaken in us the intense faith, courage, and fearlessness manifested by the group of women who reached the tomb to become witnesses of the resurrection, without any dread of the darkness, fear of the cemetery, or anxiety about who would roll away the stone.

**Response : Lord, grant us that courage we may walk in the path of godly women**

## INTERCESSORY PRAYER

*(After each prayer, let us respond,*
**"O God, answer our petitions")**

Leader : Our world is becoming conflict-ridden day by day. The spreading wars, worsening refugee crisis, rising inequality, domestic violence, increasing substance abuse, environmental issues – that are leading the world into days of unrest.We remember the vulnerable who are being victimised especially women and children, who suffer most. We pray for peace and for deliverance.

**Response : O God, answer our petitions**

Leader : We remember and pray for the global Church and especially the Mar Thoma Church. We pray for His Grace Theodosius Mar Thoma Metropolitan who gives leadership, Suffragan Metropolitans, all Episcopas, President of the Sevika Sanghom Rt. Rev. Dr.Thomas Mar

Theethos Episcopa, office bearers, managing committee members,centres,diocesan office bearers, sevinis,all sevika sanghom sakhas, and all others. We pray that they may be empowered to stand firm with commitment in the field of ministry.

**Response : O God, answer our petitions**

Leader : We remember with gratitude the role that Sevika Sangham continues to play innurturing and bringing out the God given capabilities of women. We remember all the institutions of Sevika Sangham—such as Vanitha Mandiram, Balikabhavan, Mission Fields, Kandamma Memorial Study Centre, Vishranthi Bhavan, Nursery Teachers' Training School, KG & UP School, working women's hostels, Ashramam, and Streejana Vikasana Samithi which strive for the creative growth of women as well as initiatives like Vanitha Bodhini, Better Home, Counselling courses, Bloom Fest, Bible study, and Sauhruda Pakal Veedu . We remember all mission activities carried out through various levels like Shakha, Centre, Diocese, and Kendram levels.We also pray for God's blessings for the continued and effective ministry of Sevika Sanghom

**Response : O God, answer our petitions**

## PRAYER OF DEDICATION

( all together)

Our Lord and God, strengthen our readiness to stand fearlessly and faithfully as a dedicated community in the paths of witness that You have set before us. Instill in us the conviction that true dedication lies in remaining steadfast in the experiences of discipleship along the way of the Cross. Enable us to lead qualitative transformations in the spaces we engage with daily — our homes, our church, our society, and beyond. Kindle within us the commitment to nurture the seeds sown in the fields of our vocation, so that they may grow thirtyfold, sixtyfold, and a hundredfold. Accept our dedication.We pray in the precious name of the Father, and of the Son, and of the Holy Spirit. **Amen.**

# സേവികാസംഘദിന ഗാനം - 2026

(**വിഷയം** : ദൈവ സമർപ്പിത വനിതകൾ ഭയരഹിതരും വിശ്വസ്തരും.)

വെൺകൽ ഭരണികളുടയ്ക്കാം
ഉൾക്കരുത്തിനെ പുൽകാം
അമൂല്യമായതു നേടീടാൻ
മൂല്യമായതു നൽകാം } (2)

നിൻകരങ്ങളിൽ ദിവ്യവാദ്യമായ്
ഉണർത്തു പാട്ടുകൾ പാടീടാം } (2)
ഭയമല്ല സത്യ വിശ്വാസമേ
ശബ്ദമല്ല നിത്യ വചനമേ
നയിക്ക ഞങ്ങളെ നിറയ്ക്ക ഞങ്ങളെ
നവ്യ ജീവ സാക്ഷ്യമേകാൻ } (2)

നവയുഗ ദർശന പന്ഥാവിൽ
വിമോചന സ്വപ്നം നെയ്തിടാം
പൊതു ബോധത്തിൻ കെട്ടുകളെ
പുതുബോധത്താൽ മാറ്റിടാം
പ്രതിസന്ധികളുടെ മദ്ധ്യത്തിൽ
നൂതന ലോകം പണിതിടാം (2) (നിൻകരങ്ങളിൽ)

ദേശത്തിന്റെ മാതാക്കൾ
നിയോഗിതരായ പ്രവാചകർ നാം
സമർപ്പിത ശിഷ്യഗണങ്ങൾ നാം
സുവിശേഷത്തിൻ ഘോഷകർ നാം
സഭയാം ക്രിസ്തു ശരീരത്തെ
അഭിഷേകം ചെയ്യാൻ വന്നോർ (2) (വെൺകൽ)